LIBRARY ARCHIVES Kerala Legislative Assembly

കണക്ഷൻ നൽകുന്നതിനുള്ള കാലതാമസം

12 (2290) ശ്രീ. ടി. കെ. ദേവകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആലപ്പുഴ ജില്ലയിലെ ഹരിപ്പാട് ഇലക്ട്രിസിറ്റി ഓഫീസിൽ നിന്നും എത്ര അപേക്ഷകൾക്ക് വൈദ്യുതി കണക്ഷൻ കൊടുക്കാൻ ബാക്കിയുണ്ട് ;

(ബി) കണക്ഷൻ നൽകുന്നതിനുള്ള കാലതാമസം ഒഴിവാക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ;

(സി) ഉണ്ടെങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്താമോ ?

ഉത്തരം

(എ) വൈദ്യുതി ബോർഡ് ഈ വർഷം ലക്ഷ്യമിട്ടിട്ടുള്ളതിൽ 55 ഓവർഹെഡ് കണക്ഷനുകൾ കൊടുക്കുവാനുണ്ട്.

(ബി&സി) കണക്ഷൻ നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. വർക്ക് ചെയ്യുന്നതിന് ടെണ്ടർ വിളിച്ചിട്ടുണ്ട്.

വൈദ്യുതി കണക്ഷൻ ലഭിക്കുന്നതിന് കാലതാമസം ഒഴിവാക്കാൻ നടപടി

13 (2291) ശ്രീ. കോവൂർ കുഞ്ഞുമോൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഏത് തീയതി വരെ അപേക്ഷ നൽകിയവർക്ക് വൈദ്യുതി കണക്ഷൻ നൽകിയിട്ടുണ്ടെന്ന് ഓരോ വിഭാഗവും തരം തിരിച്ച് വിവരം ലഭ്യമാക്കുമോ ;

(ബി) സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവർക്കും ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ളവർക്കും വൈദ്യുതി കണക്ഷൻ നൽകുന്നതിനുള്ള പോസ്റ്റുകൾ സൗജന്യമായി സ്ഥാപിക്കുവാൻ നടപടി സ്വീകരിക്കുമോ ;

(സി) പോസ്റ്റുകൾക്ക് പണം അടയ്ക്കുവാൻ നിവൃത്തിയില്ലാത്തതിനാൽ വൈദ്യുതി കണക്ഷൻ ലഭിക്കാതിരിക്കുന്നവർക്ക് പ്രത്യേക പരിഗണന നൽകുമോ ;

(ഡി) ഏതെല്ലാം വിഭാഗങ്ങൾക്കാണ് വൈദ്യുതി കണക്ഷൻ കിട്ടാൻ മുൻഗണനയുള്ളതെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) 2001 ഡിസംബർ വരെ രജിസ്റ്റർ ചെയ്തിട്ടുള്ള നോർമൽ വെതർപ്രൂഫ് അപേക്ഷകരെയും 2000 ഡിസംബർ വരെ രജിസ്റ്റർ ചെയ്ത നോർമൽ ഓവർഹെഡ് അപേക്ഷകരെയുമാണ് ഇപ്പോൾ ടാർജറ്റിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. എന്നാൽ, 2001 ജനുവരി മുതലുള്ള വെതർപ്രൂഫ് കണക്ഷനുകളും 1998 ഏപ്രിൽ മുതലുള്ള ഓവർഹെഡ് കണക്ഷനുകളും നൽകാനുണ്ട്. ആയതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

(ബി) ഉത്തരം (എ)യിൽ പറഞ്ഞിട്ടുള്ള കേസ്സുകളിൽ പോസ്റ്റുകൾ സൗജന്യമായി (ടെണ്ടർ അടിസ്ഥാനത്തിൽ) ആണ് സ്ഥാപിക്കുന്നത്. അത്തരത്തിൽ പോസ്റ്റുകൾ സ്ഥാപിക്കുമ്പോൾ ദാരിദ്ര്യരേഖയ്ക്കു താഴെയുള്ളവർക്ക് കണക്ഷൻ കിട്ടാവുന്നവിധം ശ്രദ്ധിക്കണമെന്ന് നിർദ്ദേശം നൽകിയിട്ടുണ്ട്.

(സി) സാമ്പത്തിക പരിമിതികൾ അനുവദിക്കുംവിധം പരിഗണന നൽകുന്നുണ്ട്.

(ഡി) ലിസ്റ്റ് അനുബന്ധമായി ചേർത്തിട്ടുണ്ട്†.

വൈദ്യുതി കണക്ഷൻ അപേക്ഷയ്ക്കുള്ള നടപടി ക്രമങ്ങളിലെ ബുദ്ധിമുട്ടുകൾ

14 (2292) ശ്രീ. യു. സി. രാമൻ :
ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി :
ശ്രീ. സി. മമ്മൂട്ടി :
ശ്രീ. വി. കെ. ഇബ്രാഹിംകുഞ്ഞ് :
ശ്രീ. പി. കെ. അബ്ദുറബ്ബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഗാർഹിക വൈദ്യുതി കണക്ഷനുവേണ്ടിയുള്ള അപേക്ഷകർക്ക് നിലവിലുള്ള നടപടിക്രമങ്ങൾ ബുദ്ധിമുട്ട് സൃഷ്ടിക്കുന്നതായി ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) കണക്ഷനുള്ള അപേക്ഷാഫാറം വാങ്ങിക്കഴിഞ്ഞവർക്ക് ഓർഡറിനു വേണ്ടിയുള്ള അപേക്ഷ നൽകുന്നതിന് സീൽ വെയ്ക്കുന്ന ഇലക്ട്രീഷ്യനും കംപ്ലീഷൻ റിപ്പോർട്ടിൽ സീൽ വെയ്ക്കുന്ന ഇലക്ട്രീഷ്യനും ഒരേ ആൾ തന്നെ ആയിരിക്കണമെന്ന നിർബന്ധം നിലവിലുണ്ടോ ;

(സി) എങ്കിൽ ഈ വ്യവസ്ഥ അപേക്ഷകരെ ഇലക്ട്രീഷ്യന്റെ ചൂഷണത്തിനു വിധേയമാക്കുമെന്ന കാര്യം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) എങ്കിൽ ഇക്കാര്യം ഗൗരവമായി പരിഗണിച്ച് അപേക്ഷയുടെ വിവിധ സ്റ്റേജുകളിൽ ലൈസൻസുള്ള ഒരേ ഇലക്ട്രീഷ്യൻ തന്നെ ഒപ്പ് വയ്ക്കണമെന്ന നിബന്ധനയ്ക്കു പകരം ലൈസൻസുള്ള ഇലക്ട്രീഷ്യന്റെ ഒപ്പ് ഉണ്ടായിരിക്കണമെന്ന് മാത്രമാകുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) വർക്ക് ഓർഡർ നൽകുന്നത് അപേക്ഷകൻ തന്നെ നൽകുന്ന കോൺട്രാക്ടർ, സൂപ്പർവൈസർ, വയർമാൻ എന്നിവരുടെ പേരുവിവരങ്ങളുടേയും നമ്പരിന്റെയും അടിസ്ഥാനത്തിലാണ്. ആയതിനാൽ ഇവരുടെ ഒപ്പോ, സീലോ

† അനുബന്ധം II കാണുക

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം II

[9-7-2003-ലെ 13 (2291)-ാം നമ്പർ ചോദ്യത്തിന്റെ ഉത്തരം കാണുക]

മുൻഗണനാ ലിസ്റ്റിൽ ഉൾപ്പെടുത്തിയിട്ടുള്ള വിഭാഗങ്ങൾ താഴെ പറയും പ്രകാരമാണ്

1. കാർഷിക കണക്ഷനുകൾ

(1) എല്ലാ കാർഷിക കണക്ഷനുകളും

(2) പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങൾക്കു വേണ്ടിയുള്ള കാർഷിക കണക്ഷനുകൾക്ക് വർക്കിംഗ് ഗ്രൂപ്പ് അംഗീകാരം നൽകിയാൽ മറ്റ് കാർഷിക കണക്ഷനെ അപേക്ഷിച്ച് പ്രത്യേക മുൻഗണന നൽകും.

2. വ്യവസായിക കണക്ഷനുകൾ

(1) സ്വയംതൊഴിൽ കണ്ടെത്തൽ പദ്ധതിയനുസരിച്ച് രജിസ്റ്റർ ചെയ്യുന്ന കണക്ഷനുകൾ.

(2) പി.എം.ആർ.വൈ. പദ്ധതിയനുസരിച്ച് രജിസ്റ്റർ ചെയ്യുന്ന കണക്ഷനുകൾ.

(3) സ്മോൾ സ്കെയിൽ ഇൻഡസ്ട്രീസ് പദ്ധതി, ഇൻഡസ്ട്രീസ് കോ-ഓപ്പറേറ്റീവ് സൊസൈറ്റികൾ, ഖാദി ഗ്രാമ വ്യവസായ ബോർഡ് ഇവയിൽ രജിസ്റ്റർ ചെയ്തിട്ടുള്ള ലോ ടെൻഷൻ കണക്ഷനുകൾ.

(4) വർക്കിംഗ് ഗ്രൂപ്പ് അംഗീകാരം നൽകിയിട്ടുള്ള പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങൾക്കു വേണ്ടിയുള്ള ലോ ടെൻഷൻ കണക്ഷനുകൾ

(5) ഇന്റഗ്രേറ്റഡ് കയർ ഡവലപ്മെന്റ് പദ്ധതിയിൽ ഉൾപ്പെടുത്തി കോ-ഓപ്പറേറ്റീവ് സെക്ടറിൽ ആരംഭിക്കുന്ന യന്ത്രവൽകൃത കയർ സ്പിന്നിംഗ് യൂണിറ്റുകളും ഡി ഫൈസറിംഗ് യൂണിറ്റുകളും.

3. ഗാർഹികം

(1) വൈദ്യുതി ബോർഡ് ജീവനക്കാരും, ബോർഡിൽ നിന്നും പെൻഷൻ പറ്റിയവരും, പാർട്ട് ടൈം കൺഡിജന്റ് സ്വീപ്പർ തസ്തികയിൽപ്പെട്ടവർ.

(2) കര, നാവിക, വ്യോമസേന, സി.ആർ.പി.എഫ്., സി.എസ്.എഫ്.ജി.ആർ. ഇ.എഫ്., ഐ.ടി.സി., എസ്.പി.ജി., ആസാം റൈഫിൾസ് എന്നിവയിൽ സേവനമനുഷ്ടിക്കുന്ന ജവാൻമാർ.

(3) തഹസിൽദാറുടെ നിലയിൽ കുറയാത്ത അധികാരികളുടെ സർട്ടിഫിക്കറ്റ് സഹിതം അപേക്ഷിച്ചാൽ പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് കണക്ഷൻ നൽകുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly

(4) പട്ടികജാതി/പട്ടികവർഗ്ഗ കോളനികളിൽ താമസിക്കുന്ന മറ്റ് സമുദായാംഗങ്ങൾ. (ഇങ്ങനെ കൊടുക്കുന്ന കണക്ഷനുകളുടെ എണ്ണം കോളനിയിലെ മൊത്തം പട്ടികജാതി/പട്ടികവർഗ്ഗ ഉപഭോക്താക്കളുടെ എണ്ണത്തിൽ മൂന്നിലൊന്നായി പരിമിതപ്പെടുത്തിയിട്ടുണ്ട്.)

(5) ജില്ലാ കളക്ടർ നൽകുന്ന പെൻഷൻ പേയ്മെന്റ് സർട്ടിഫിക്കറ്റ് സഹിതമോ സ്വതന്ത്ര്യ സമരസേനാനിയായി സാക്ഷ്യപ്പെടുത്തി സർക്കാർ നൽകിയിട്ടുള്ള രേഖയോ സഹിതം അപേക്ഷിക്കുന്ന സ്വതന്ത്ര്യ സമരസേനാനികൾ, അവരുടെ വിധവകൾ.

(6) യുദ്ധത്തിൽ പങ്കെടുത്ത് അവശത അനുഭവിക്കുന്ന ജവാൻമാർ കര/നാവിക/വ്യോമയാന ആശുപത്രിയിൽ നിന്നും കൊടുത്തിട്ടുള്ള ഡിസ്ചാർജ് സർട്ടിഫിക്കറ്റ് സഹിതം അപേക്ഷിച്ചാൽ മുൻഗണന അടിസ്ഥാനത്തിൽ കണക്ഷൻ നൽകുന്നതാണ്.

(7) മെഡിക്കൽ കോളേജിലേയോ ആരോഗ്യ വകുപ്പിന്റെയോ അസോസിയേറ്റ് പ്രൊഫസർ അല്ലെങ്കിൽ സിവിൽ സർജൻ ഗ്രേഡ് I-ൽ കുറയാത്ത മെഡിക്കൽ ഓഫീസർ കൊടുത്തിട്ടുള്ള മെഡിക്കൽ സർട്ടിഫിക്കറ്റ് സഹിതം അപേക്ഷിച്ചാൽ അപകടം, പ്രകൃതിക്ഷോഭം എന്നിവമൂലം അവശരായവർക്ക് മുൻഗണനാടിസ്ഥാനത്തിൽ കണക്ഷൻ നൽകുന്നതാണ്.

(8) (7)-ൽ പറഞ്ഞിട്ടുള്ള നിലയിലുള്ള മെഡിക്കൽ ഓഫീസറുടെ സർട്ടിഫിക്കറ്റ് സഹിതം 40 ശതമാനത്തിൽ കുറയാതെ ബലഹീനത അനുഭവിക്കുന്ന വികലാംഗരും, മാനസിക വളർച്ച മുരടിച്ചവരും അപേക്ഷിച്ചാൽ മുൻഗണനാടിസ്ഥാനത്തിൽ കണക്ഷൻ നൽകുന്നതാണ്.

(9) കലാ കായിക രംഗങ്ങൾ, സാഹിത്യം, ശാസ്ത്രം, സാമൂഹിക സേവനം, ആതുരസേവനം എന്നീ മേഖലകളിൽ വ്യക്തിമുദ്ര പതിപ്പിച്ചവർ.

(10) ഡെപ്യൂട്ടി കളക്ടർ (ലാൻഡ് അക്വിസിഷൻ)-ന്റെ സർട്ടിഫിക്കറ്റ് സഹിതം അപേക്ഷിക്കുന്ന കെ.എസ്.ഇ.ബി. പദ്ധതി പ്രദേശങ്ങളിൽ നിന്നും കുടിയൊഴിപ്പിക്കപ്പെട്ടവർ.

(11) അധികാരികളുടെ സർട്ടിഫിക്കറ്റോ കത്തോ സഹിതം അപേക്ഷിക്കുന്ന യുദ്ധ മുന്നണിയിൽ വീരചരമമടഞ്ഞ ജവാൻമാരുടെ വിധവകൾ.

(12) എം.എൽ.എ.-മാരും എം.പി.-മാരും.

(13) ലക്ഷം വീട് കോളനികൾ.

(14) ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള ജനവിഭാഗങ്ങൾക്ക് വേണ്ടി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളോ, എൻ.ഇ.എസ്സ്. ബ്ലോക്കുകളോ വയറിംഗ് നടത്തി കൊടുക്കുന്ന വീട്ടുകാർ, (വൈതർ പ്രൂഫ് കണക്ഷനുകൾ മാത്രം)

(15) പട്ടികജാതി/പട്ടികവർഗ്ഗക്ഷേമ വകുപ്പ് വയറിംഗ് നടത്തിക്കൊടുക്കുന്ന പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങളുടെ വീടുകൾ

LIBRARY ARCHIVES Kerala Legislative Assembly

(16) പ്ലാന്റേഷൻ ലേബർ ആക്ട് അനുസരിച്ച് രജിസ്റ്റർ ചെയ്തിട്ടുള്ള തോട്ടങ്ങളിലെ തൊഴിലാളികളുടെ വീടുകൾ.

(17) സർവ്വീസിൽ നിന്നും വിരമിച്ച ജവാൻമാർ (വെതർ പ്രൂഫ് കണക്ഷനുകൾ മാത്രം)

(18) കാൻസർ രോഗികൾ, ബോർഡ് നിശ്ചയിച്ചിട്ടുള്ള അധികാരികളുടെ സർട്ടിഫിക്കറ്റ് സഹിതം അപേക്ഷിച്ചാൽ മറ്റ് കണക്ഷനുകളേക്കാൾ കൂടിയ മുൻഗണന നൽകുന്നതാണ്.

(19) കാർഗിൽ യുദ്ധത്തിൽ മരിച്ച ജവാൻമാരുടെ വിധവകൾക്ക്.

4. ഗാർഹികേതരം

(1) ആരാധനാലയങ്ങൾക്ക് (അമ്പലങ്ങൾ, മുസ്ലീം പള്ളികൾ, ക്രിസ്ത്യൻപള്ളി) വൈദ്യുതി കണക്ഷനിൽ മുൻഗണന നൽകുന്നതാണ്. (വെതർ പ്രൂഫ് കണക്ഷനുകൾ മാത്രം)

(2) സംസ്ഥാന സാമൂഹിക ക്ഷേമ വകുപ്പിന്റെ കീഴിലുള്ള അനാഥാലയങ്ങളും ചാരിറ്റബിൾ സൊസൈറ്റി ആക്ട് പ്രകാരം രജിസ്റ്റർ ചെയ്തിട്ടുള്ള ചാരിറ്റബിൾ ഫോമുകൾ (വെതർ പ്രൂഫ് കണക്ഷനുകൾ മാത്രം)

(3) ഇന്ത്യ പോപ്പുലേഷൻ പദ്ധതിയനുസരിച്ച് നിർമ്മിക്കുന്ന ആശുപത്രികളും ഡിസ്പെൻസറികളും

(4) ജില്ലാ കളക്ടർ സാക്ഷ്യപ്പെടുത്തുന്ന സാക്ഷരതാ കേന്ദ്രങ്ങൾ. (വെതർ പ്രൂഫ് കണക്ഷൻ മാത്രം)

(5) പൊതുസംഭാവന കൊണ്ട് പണിത് സർക്കാരിന് സമർപ്പിക്കുന്ന കെട്ടിടങ്ങൾ (വെതർ പ്രൂഫ് കണക്ഷനുകൾ മാത്രം)

(6) വികലാംഗർ നടത്തുന്ന ടെലഫോൺ ബൂത്തുകൾ (വെതർ പ്രൂഫ് കണക്ഷനുകൾ മാത്രം)

(7) അംഗൻവാടികൾ (വെതർ പ്രൂഫ് കണക്ഷനുകൾ മാത്രം)

(8) വർക്കിംഗ് ഗ്രൂപ്പ് അംഗീകാരം നൽകിയിട്ടുള്ള പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് വേണ്ടിയുള്ള വാട്ടർ സപ്ലൈ കണക്ഷനുകൾ.

(9) സംസ്ഥാന സർക്കാർ സ്ഥാപനങ്ങൾക്കുള്ള (വെതർ പ്രൂഫ് കണക്ഷനുകൾ)

LIBRARY ARCHIVES Kerala Legislative Assembly